**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1395** **11-09-2023 - ൽ മറുപടിയ്ക്ക്**

**കൊയിലാണ്ടി ഹാർബർ-മുത്തായം റീച്ചിന്റെ അലൈൻമെന്റ് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കാനത്തിൽ ജമീല** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | തീരദേശ ഹൈവേയുടെ ഭാഗമായ കൊയിലാണ്ടി ഹാർബർ-മുത്തായം റീച്ചിന്റെ അലൈൻമെന്റ് അംഗീകരിച്ചിട്ടുണ്ടോ; പ്രസ്തുത റീച്ചിന്റെ അലൈൻമെന്റ് അംഗീകാരം വൈകുന്നത് കാരണം ഭൂമി ഏറ്റെടുക്കൽ വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ? | (എ) | 1. കോഴിക്കോട് ജില്ലയിലെ തീരദേശ ഹൈവേയുടെ ഭാഗമായി കൊയിലാണ്ടി ഹാർബർ മുത്തായം റീച്ചിന്റെ ഡി.പി.ആർ തയ്യാറാക്കുന്നതിന് IDECK എന്ന ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. ഡി.പി.ആർ -ന് മുന്നോടിയായി ഏജൻസി തയ്യാറാക്കി തന്ന പ്ലാൻ ലാൻഡ് അക്വസിഷൻ പ്ലാൻ പ്രകാരം ജനപ്രതിനിധികളുമായുള്ള ചർച്ചയിൽ അലൈൻമെന്റിൽ ചില മാറ്റങ്ങൾ വേണ്ടി വന്നതിനാൽ അവ തിരുത്തി പുതിയ ലാൻഡ് അക്വസിഷൻ പ്ലാൻ 10.08.2023-ന് ഈ ഓഫീസിൽ ലഭിച്ചു. ആയത് സ്ഥലമേറ്റെടുക്കുന്നതിനുള്ള സാമ്പത്തിക അനുമതി ലഭിക്കുന്നതിനായി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കുന്നതിനുള്ള സാമ്പത്തികാനുമതി ലഭ്യമായ ഉടൻ ഭൂമി ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ടു പോകുന്നതാണ്. |

സെക്ഷൻ ഓഫീസർ